**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6266** **10-07-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നബാർഡ് സ്കീമിൽ നിന്നും അനുമതി ലഭ്യമായ പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കാട്ടാക്കട മണ്ഡലത്തിൽ വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നബാർഡ് സ്കീമിൽ നിന്നും അനുമതി ലഭിച്ച 16.8472 കോടി രൂപയുടെ പ്രവൃത്തിക്ക് 31.01.2024-ന് ദർഘാസ് ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. 03.06.2024-ന് പുന:ദർഘാസ് ചെയ്ത പ്രവൃത്തി 11.07.2024-ന് തുറക്കാനായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഇറിഗേഷന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഏതൊക്കെ പ്രവൃത്തികൾ നിർദ്ദേശിച്ചിരുന്നുവെന്നും അവയിൽ അനുമതി ലഭ്യമായത് ഏതൊക്കെയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിനു കീഴിൽ കാട്ടാക്കട മണ്ഡലത്തിൽ ഇറിഗേഷൻ പ്ലാൻ ഫണ്ടിൽ നിന്നും പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട മണ്ഡലത്തിൽ “മാറനല്ലൂർ പഞ്ചായത്തിലെ വാർഡ് നം.14 കൊങ്ങൻകോട് കുളത്തിന്റെ നവീകരണം” എന്ന പ്രവൃത്തിയുടെ 15.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്ലാൻ ഹെഡിലെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അനുമതി നൽകിയിട്ടില്ല . |

സെക്ഷൻ ഓഫീസർ